പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5494 — 24.05.2017 ൽ മറുപടിക്ക്

## പത്തനംതിട്ട ജില്ലയിലെ വിമാനത്താവള നിർമ്മാണം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.അടൂർ പ്രകാശ് : | | ശ്രീ. പിണറായി വിജയൻ ( മുഖ്യമന്ത്രി) |
| (എ) പത്തനംതിട്ട ജില്ലയിൽ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച വിമാനത്താവള നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br><br>(ബി) ആയത് സംബന്ധിച്ച് നാളിതു വരെ എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടുവെന്ന് ഇനം തിരിച്ച് വിശദീകരിക്കുമോ;<br><br>(സി) വിമാനത്താവള നിർമ്മാണത്തിന് ഏതെല്ലാം സ്ഥലങ്ങളാണ് അനുയോജ്യമായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; | (എ) യും (ബി) യും (സി) യും | ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21.02.2017 ലെ ഉത്തരവ് പ്രകാരം തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിന് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിനായുള്ള ഒരു ആധികാരിക ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി കെ. എസ്. ഐ. ഡി.സി. താൽപര്യപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.ശബരിമല എയർപോർട്ട് പദ്ധതിയുടെ ഒരു അവലോകനയോഗം 04.04.17 ൽ കൂടുകയുണ്ടായി. പ്രസ്തുത അവലോകനയോഗത്തിൽ ശബരിമല എയർപോർട്ട് പദ്ധതിയ്ക്കനുയോജ്യമായ സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനു വേണ്ടി റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കെ എസ് ഐ ഡി സി മാനേജിംഗ് ഡയറക്ടർ, ജില്ലാ കളക്ടർ, പത്തനംതിട്ട, ജില്ലാ കളക്ടർ, കോട്ടയം ഉടങ്ങിയവരുൾപ്പെട്ട നാലംഗ ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സംഘം 07.04.17 ൽ പത്തനംതിട്ട ജില്ലയിലെയും കോട്ടയം ജില്ലയിലെയും വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു. ശബരിമല വിമാനത്താവള പദ്ധതിക്കായി സ്ഥലം കണ്ടെത്തുന്നതിലേക്ക് പ്രാഥമിക പരിശോധന നടത്തിയ ആറ് സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് |

| | | | |
|---|---|---|---|
| | | | 2. പ്രൊപ്പോസ് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രാവൻകൂർ റബ്ബേഴ്സ് ക്ലിപ്തം കോട്ടയം.<br>3. വെള്ളനാടി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രോപ്പിക്കൽ പ്ലാന്റേഷൻ കോട്ടയം,<br>4. ളാഹ എസ്റ്റേറ്റ്, റാന്നി, പത്തനംതിട്ട,<br>5. കല്ലേലി എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട,<br>6. കുമ്പഴ എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട. |
| (ഡി) | ഇത് സംബന്ധിച്ച് ലഭിച്ചിട്ടുള്ള പഠന റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | (ഡി) | സ്ഥലം കണ്ടെത്തുന്നതിനുള്ള പ്രാഥമിക പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | പഠനത്തിന് നിയോഗിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ഇ) യും (എഫ്) ഉം | ശബരിമല എയർപോർട്ട് പദ്ധതിയ്ക്കനുയോജ്യമായ സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനു വേണ്ടി 04.04.2017 ൽ ചേർന്ന അവലോകന യോഗത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കെ എസ് ഐ ഡി സി മാനേജിംഗ് ഡയറക്ടർ, ജില്ലാ കളക്ടർ, പത്തനംതിട്ട, ജില്ലാ കളക്ടർ, കോട്ടയം തുടങ്ങിയവർ ഉൾപ്പെട്ട നാലംഗ ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സംഘം 07.04.17 ൽ പത്തനംതിട്ട ജില്ലയിലെയും കോട്ടയം ജില്ലയിലെയും വിവിധ സ്ഥലങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തയ്യാറാക്കിയത്. |
| (എഫ്) | പ്രസ്തുത കമ്മിറ്റിയിൽ പത്തനംതിട്ട ജില്ലാ കളക്ടർ അംഗമാണോ; എങ്കിൽ കമ്മിറ്റി കൂടിയപ്പോൾ കളക്ടർ പങ്കെടുത്തിരുന്നോ എന്ന് വെളിപ്പെടുത്തുമോ? | | |

സെക്ഷൻ ഓഫീസർ

## ശബരിമല വിമാനത്താവള പദ്ധതി -പ്രാഥമിക സ്ഥല പരിശോധനാ റിപ്പോർട്ട്

ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും, ഇതിലേയ്ക്ക് ഒരു ആധികാരിക ഏജൻസി മുഖേന സാദ്ധ്യതാ പഠനം നടത്തുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പഠനത്തിനായുള്ള ഒരു ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. താൽപര്യപത്രം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ശബരിമല എയർപോർട്ട് പദ്ധതിയുടെ ഒരു അവലോകന യോഗം 04.04.2017 ൽ ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്നിരുന്നു. പ്രസ്തുത അവലോകന യോഗത്തിൽ ശബരിമല എയർപോർട്ട് പദ്ധതിയ്ക്കനുയോജ്യമായ സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനു വേണ്ടി ശ്രീ. പി.എച്ച്. കുര്യൻ ഐ.എ.എസ്. അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ്, . ശ്രീമതി. എം. ബീന ഐ.എ.എസ്., മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഐ.ഡി.സി., ശ്രീമതി ഗിരിജ, ഐ.എ.എസ്., പത്തനംതിട്ട ജില്ലാ കളക്ടർ, ശ്രീമതി. സി. എ. ലത, ഐ.എ.എസ്. കോട്ടയം ജില്ലാ കളക്ടർ. തുടങ്ങിയവരുൾപ്പെട്ട നാലംഗ ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സംഘം ശബരിമല വിമാനത്താവളത്തിനനുയോജ്യമായ സ്ഥലങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനായി 2017 ഏപ്രിൽ 7 -ാം തീയതി പത്തനംതിട്ട, കോട്ടയം ജില്ലകളിലായി ആറോളം സ്ഥലങ്ങൾ സന്ദർശിച്ചു.

ഭൂമിയുടെ വിസ്തീർണ്ണം, തിരുവനന്തപുരം, കൊച്ചി, തുടങ്ങിയ സ്ഥലങ്ങളിൽ നിന്നുമുള്ള ദൂരം, ശബരിമലയിലേക്കുള്ള ദൂരം, സ്ഥലത്തിന്റെ ഭൂപ്രകൃതി, ഗതാഗതസൗകര്യം, റിസർവ്വ് വനത്തിന്റെ സാന്നിദ്ധ്യം മറ്റു വികസന സാദ്ധ്യതകൾ എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാന മാക്കി ഉദ്യോഗസ്ഥ സംഘം സന്ദർശിച്ച വിവിധ സ്ഥലങ്ങളുടെ ലഘു പരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

1. **ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻ**

പത്തനംതിട്ട ജില്ലയിലെ താലൂക്കിൽ ഉൾപ്പെടുന്ന ചെറുവള്ളി എസ്റ്റേറ്റ് നിലവിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശത്തിലാണ്. സ്ഥലത്തിന്റെ കൂടുതൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| താലൂക്ക് | കാഞ്ഞിരപ്പള്ളി |
| ജില്ല | കോട്ടയം |
| ഭൂമിയുടെ ആകെ വിസ്തീർണ്ണം (ഏക്കർ) | 2263.18 ഏക്കർ |
| തിരുവനന്തപുരത്തുനിന്നുള്ള ദൂരം | 138 കിലോമീറ്റർ |
| കൊച്ചിയിൽ നിന്നുള്ള ദൂരം | 113 കിലോമീറ്റർ |
| ശബരിമലയിലേയ്ക്കുള്ള ദൂരം | 48 കിലോമീറ്റർ - നേരിട്ടുള്ള റോഡ് കണക്ഷൻ |
| സ്ഥലത്തെക്കുറിച്ചുള്ള ലഘുവിവരണം | ഭൂരിഭാഗം സമതലവും ബാക്കി ചെറിയ കുന്നിൻ പ്രദേശവും |
| റിസർവ്വ് വനത്തിന്റെ സാന്നിദ്ധ്യം | സ്ഥലത്തിന്റെ തെക്കുവശത്തിന്റെ കുറച്ചുഭാഗം പൊന്തൻപുഴ വനമെന്നറിയപ്പെടുന്ന വനഭൂമിയുമായി അതിർത്തി പങ്കിടുന്നു |
| ഗതാഗതസൗകര്യം | കോട്ടയം-എരുമേലി-പമ്പ, തേനി-കുമളി-മുണ്ടക്കയം -എരുമേലി-പമ്പ, തിരുവനന്തപുരം- പത്തനംതിട്ട-റാന്നി-എരുമേലി, തിരുവല്ല-റാന്നി- എരുമേലി, ചങ്ങനാശ്ശേരി-മണിമല-എരുമേലി എന്നീ പി.ഡബ്ല്യൂ ഡി റോഡുകളുടെയും<br>കൊല്ലം -തേനി ദേശീയപാതയുടെയും പുതിയതായി പ്രഖ്യാപിക്കപ്പെട്ട ഭരണിക്കാവ്- |

| | |
|---|---|
| | പത്തനംതിട്ട-റാന്നി-എരുമേലി-മുണ്ടക്കയം ദേശീയപാതയുടെയും സമീപത്തായാണ് ഈ എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത്. |
| മറ്റു വികസന സാദ്ധ്യതകൾ | എരുമേലി ടൗണിനോട് വളരെ ചേർന്നു സ്ഥിതിചെയ്യുന്നു. ഇടുക്കി ജില്ലയിലെ പീരുമേട്, കുമളി, തേക്കടി , തമിഴ്നാട്ടിലെ കമ്പം, മധുര എന്നീ പട്ടണങ്ങളിലേയ്ക്കുള്ള നേരിട്ടുള്ള റോഡ് ലിങ്ക് |

**2. പ്രൊപ്പോസ് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രാവൻകൂർ റബ്ബേഴ്സ് ക്ളിപ്തം, കോട്ടയം**

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന പ്രൊപ്പോസ് എസ്റ്റേറ്റ് നിലവിൽ ട്രാവൻകൂർ റബ്ബേഴ്സ് ക്ളിപ്തം, കോട്ടയത്തിന്റെ കൈവശത്തിലാണ്. സ്ഥലത്തിന്റെ കൂടുതൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| താലൂക്ക് | കാഞ്ഞിരപ്പള്ളി |
| ജില്ല | കോട്ടയം |
| ഭൂമിയുടെ ആകെ വിസ്തീർണ്ണം (ഏക്കർ) | 824.48 ഏക്കർ |
| തിരുവനന്തപുരത്തുനിന്നുള്ള ദൂരം | 135 കിലോമീറ്റർ |
| കൊച്ചിയിൽ നിന്നുള്ള ദൂരം | 110 കിലോമീറ്റർ |
| ശബരിമലയിലേയ്ക്കുള്ള ദൂരം | 45 കിലോമീറ്റർ -നേരിട്ടുള്ള റോഡ് കണക്ഷൻ |
| സ്ഥലത്തെക്കുറിച്ചുള്ള ലഘുവിവരണം | ഭൂരിഭാഗം സമതലവും ബാക്കി ചെറിയ കുന്നിൻ പ്രദേശവും |
| റിസർവ്വ് വനത്തിന്റെ സാന്നിദ്ധ്യം | സ്ഥലത്തിന്റെ വടക്കുഭാഗത്തായുള്ള പേരുത്തോടിനോട് ചേർന്ന് എരുമേലി-മുണ്ടക്കായം പി.ഡബ്ല്യു.ഡി. റോഡിന്റെ വടക്കുവശം ചേർന്ന് ഉദ്ദേശം |

| | |
|---|---|
| | രണ്ടേക്കർ വനഭൂമിയുണ്ട്. ഈ ഭൂമിയിൽ വനം വകുപ്പിന്റെ ഗാർഡ് സ്റ്റേഷനും സ്ഥിതിചെയ്യുന്നു.<br>കൂടാതെ ട്രാവൻകൂർ റബ്ബർ എസ്റ്റേറ്റിൽ നിന്നും ഉദ്ദേശം 3 കിലോമീറ്റർ കിഴക്കുമാറി കോയിൽ ക്കാവ് എന്ന പ്രദേശം മുതൽ വനഭൂമിയുണ്ട് |
| ഗതാഗതസൗകര്യം | തേനി-കുമളി-മുണ്ടക്കയം-എരുമേലി-പമ്പ, കോട്ടയം- കാഞ്ഞിരപ്പള്ളി- എരുമേലി-പമ്പ (ടി റോഡുകൾ പുതിയതായി പ്രഖ്യാപിക്കപ്പെട്ട ഭരണിക്കാവ്-പത്തനംതിട്ട- റാന്നി-വടശ്ശേരി ക്കര - എരുമേലി-മുണ്ടക്കയം ദേശീയപാത യുടെ എൻഎച്ച് 183 എ യുടെ ഭാഗം) എന്നീ റോഡുകളോടു ചേർന്നും തിരുവനന്തപുരം-പത്തനംതിട്ട-റാന്നി- എരുമേലി- മുണ്ടക്കയം, ചങ്ങനാശ്ശേരി- മണിമല-എരുമേലി-മുണ്ടക്കയം, തിരുവല്ല- റാന്നി എരുമേലി -മുണ്ടക്കയം എന്നീ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ സമീപത്തായാണ് എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത് |
| മറ്റു വികസന സാദ്ധ്യതകൾ | എരുമേലി ടൗണിനോട് വളരെ ചേർന്നു സ്ഥിതിചെയ്യുന്നു. ഇടുക്കി ജില്ലയിലെ പീരുമേട്, കുമളി, തേക്കടി , തമിഴ്നാട്ടിലെ കമ്പം, മധുര എന്നീ പട്ടണങ്ങളിലേയ്ക്കുള്ള നേരിട്ടുള്ള റോഡ് ലിങ്ക്. |

**3. <u>വെള്ളനാടി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രോപ്പിക്കൽ പ്ലാൻറ്റേഷൻ കോട്ടയം</u>**

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽ ഉൾപ്പെടുന്ന വെള്ളനാടി എസ്റ്റേറ്റ് നിലവിൽ ട്രോപ്പിക്കൽ പ്ലാൻറ്റേഷൻ കോട്ടയത്തിന്റെ കൈവശത്തിലുള്ളതാണ്. സ്ഥലത്തിന്റെ കൂടുതൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| താലൂക്ക് | കാഞ്ഞിരപ്പള്ളി |
| ജില്ല | കോട്ടയം |
| ഭൂമിയുടെ ആകെ വിസ്തീർണ്ണം (ഏക്കർ) | 749.10 ഏക്കർ |
| തിരുവനന്തപുരത്തുനിന്നുള്ള ദൂരം | 148 കിലോമീറ്റർ |
| കൊച്ചിയിൽ നിന്നുള്ള ദൂരം | 112 കിലോമീറ്റർ |
| ശബരിമലയിലേയ്ക്കുള്ള ദൂരം | 55 കിലോമീറ്റർ - നേരിട്ട് റോഡ് കണക്ഷൻ ഇല്ല |
| സ്ഥലത്തെക്കുറിച്ചുള്ള ലഘുവിവരണം | ഭൂരിഭാഗം ചെറിയ കുന്നിൻപ്രദേശവും ബാക്കി ഭാഗം സമതലപ്രദേശവുമാണ് |
| റിസർവ്വ്‌വനത്തിന്റെ സാന്നിദ്ധ്യം | ഭൂമിയുടെ കിഴക്കുഭാഗം ഉദ്ദേശം 150 മീറ്റർ വനഭൂമിയുമായി അതിർത്തിയുള്ളതാണ്. |
| ഗതാഗതസൗകര്യം | കൊല്ലം തേനി റോഡിൽ മുണ്ടക്കയം എന്ന സ്ഥലത്തു നിന്നും ഉദ്ദേശം 2.5 കിലോമീറ്റർ വടക്ക് കിഴക്ക് മാറിയാണ് വെള്ളനാടി എസ്റ്റേറ്റ് സ്ഥിതിചെയ്യുന്നത്. |
| മറ്റു വികസന സാദ്ധ്യതകൾ | എരുമേലി ടൗണിനോട് വളരെ ചേർന്നു സ്ഥിതിചെയ്യുന്നു. ഇടുക്കി ജില്ലയിലെ പീരുമേട്, കുമളി, തേക്കടി , തമിഴ്‌നാട്ടിലെ കമ്പം, മധുര എന്നീ പട്ടണങ്ങളിലേയ്ക്കുള്ള നേരിട്ടുള്ള റോഡ് ലിങ്ക് |

## 4. ളാഹ എസ്റ്റേറ്റ്

പത്തനംതിട്ട ജില്ലയിലെ റാന്നി താലൂക്കിൽ ഉൾപ്പെടുന്ന ളാഹ എസ്റ്റേറ്റ് നിലവിൽ ഹാരിസൺസ് മലയാളം പ്ലാൻറ്റേഷൻ ലിമിറ്റഡിന്റെ കൈവശത്തിലുള്ളതാണ്. സ്ഥലത്തിന്റെ കൂടുതൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| താലൂക്ക് | റാന്നി |
| ജില്ല | പത്തനം തിട്ട |
| ഭൂമിയുടെ ആകെ വിസ്തീർണ്ണം (ഏക്കർ) | 2466.11 ഏക്കർ |
| തിരുവനന്തപുരത്തുനിന്നുള്ള ദൂരം | 130 കിലോമീറ്റർ |
| കൊച്ചിയിൽ നിന്നുള്ള ദൂരം | 125 കിലോമീറ്റർ |
| ശബരിമലയിലേയ്ക്കുള്ള ദൂരം | 38 കിലോമീറ്റർ - ഒരേ ഒരു റോഡ് കണക്ഷൻ മാത്രം |
| സ്ഥലത്തെക്കുറിച്ചുള്ള ലഘുവിവരണം | കുറേ നിരപ്പായ സ്ഥലവും, ബാക്കി കിഴുക്കാം തൂക്കായ മലനിരകളുമാണ് |
| റിസർവ്വ്വനത്തിന്റെ സാന്നിദ്ധ്യം | സ്ഥലത്തിന്റെ മൂന്നു വശങ്ങളിൽ വനത്തിന്റെ സാന്നിദ്ധ്യമുണ്ട് |
| ഗതാഗതസൗകര്യം | പത്തനംതിട്ട-പമ്പ റോഡിന്റെ ഇരുവശങ്ങളിലുമായാണ് ളാഹ എസ്റ്റേറ്റ് സ്ഥിതിചെയ്യുന്നത് |
| മറ്റു വികസന സാദ്ധ്യതകൾ | ശബരിമലയുമായി ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്നതിനാൽ പിൽഗ്രീം ടൂറിസം വഴിയുള്ള വികസന സാദ്ധ്യതകൾ |

## 5. കല്ലേലി എസ്റ്റേറ്റ്

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ ഉൾപ്പെടുന്ന കല്ലേലി എസ്റ്റേറ്റ് നിലവിൽ ഹാരിസൺസ് മലയാളം പ്ലാൻറ്റേഷൻ ലിമിറ്റഡിന്റെ കൈവശത്തിലുള്ളതാണ്. സ്ഥലത്തിന്റെ കൂടുതൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| താലൂക്ക് | കോന്നി |
| ജില്ല | പത്തനം തിട്ട |

| | |
|---|---|
| ഭൂമിയുടെ ആകെ വിസ്തീർണ്ണം (ഏക്കർ) | 2629.50 ഏക്കർ |
| തിരുവനന്തപുരത്തുനിന്നുള്ള ദൂരം | 96.5 കിലോമീറ്റർ |
| കൊച്ചിയിൽ നിന്നുള്ള ദൂരം | 134 കിലോമീറ്റർ |
| ശബരിമലയിലേയ്ക്കുള്ള ദൂരം | 83 കിലോമീറ്റർ - നേരിട്ട് റോഡ് കണക്ഷൻ ഇല്ല |
| സ്ഥലത്തെക്കുറിച്ചുള്ള ലഘുവിവരണം | ഭൂരിഭാഗം കുന്നിൻപ്രദേശവും ഉയർന്ന ഭാഗങ്ങൾ സമതലപ്രദേശവുമാണ് |
| റിസർവ്വ് വനത്തിന്റെ സാന്നിദ്ധ്യം | സ്ഥലത്തിന്റെ മൂന്നു വശങ്ങളിൽ വനത്തിന്റെ സാന്നിദ്ധ്യമുണ്ട് |
| ഗതാഗതസൗകര്യം | പുനലൂർ-മൂവാറ്റുപുഴ സംസ്ഥാന പാതയിൽ കോന്നി ജംഗ്ഷനു സമീപം എലിയറയ്ക്കൽ എന്ന സ്ഥലത്തു നിന്നും 5 കിലോമീറ്റർ മാറിയാണ് കല്ലേലി എസ്റ്റേറ്റ് സ്ഥിതിചെയ്യുന്നത്. കല്ലേലി എസ്റ്റേറ്റിലേയ്ക്ക് പോകുന്നതിന് വനം വകുപ്പിന്റെ ചെക്ക്പോസ്റ്റ് മറികടക്കേണ്ടതും ഏകദേശം 3കിലോമീറ്റർ റോഡ് വനഭൂമിയിലൂടെ കടന്നുപോകുന്നതുമാണ്. |
| മറ്റു വികസന സാദ്ധ്യതകൾ | മറ്റു വികസന സാദ്ധ്യതകൾ കുറവാണ് |

## 6. കുമ്പഴ എസ്റ്റേറ്റ്

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ ഉൾപ്പെടുന്ന കുമ്പഴ എസ്റ്റേറ്റ് നിലവിൽ ഹാരിസൺസ് മലയാളം പ്ലാൻറ്റേഷൻ ലിമിറ്റഡിന്റെ കൈവശത്തിലുള്ളതാണ്. സ്ഥലത്തിന്റെ കൂടുതൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| താലൂക്ക് | കോന്നി |
| ജില്ല | പത്തനം തിട്ട |

| | |
|---|---|
| ഭൂമിയുടെ ആകെ വിസ്തീർണ്ണം (ഏക്കർ) | 2569.89 ഏക്കർ |
| തിരുവനന്തപുരത്തുനിന്നുള്ള ദൂരം | 105 കിലോമീറ്റർ |
| കൊച്ചിയിൽ നിന്നുള്ള ദൂരം | 125 കിലോമീറ്റർ |
| ശബരിമലയിലേയ്ക്കുള്ള ദൂരം | 65 കിലോമീറ്റർ -നേരിട്ട് റോഡ് കണക്ഷൻ ഇല്ല |
| സ്ഥലത്തെക്കുറിച്ചുള്ള ലഘുവിവരണം | ഭൂരിഭാഗം കുന്നിൻ പ്രദേശവും, തട്ടു തട്ടുകളായി സ്ഥിതി ചെയ്യുന്നതു, വിവാദമായ ചെങ്ങറ തോട്ടം ഉൾപ്പെടുന്നതുമാണ്. |
| റിസർവ്വ് വനത്തിന്റെ സാന്നിദ്ധ്യം | വനമേഖലയില്ല |
| ഗതാഗതസൗകര്യം | പത്തനം തിട്ട -മലയാലപ്പുഴ മെയിൻ റോഡിൽ നിന്നും പത്തുകിലോമീറ്റർ ഉള്ളിലേയ്ക്ക് (കച്ചാ റോഡ്) കുമ്പഴ എസ്റ്റേറ്റിൽ എത്തിച്ചേരാവുന്നതാണ് |
| മറ്റു വികസന സാദ്ധ്യതകൾ | മറ്റു വികസന സാദ്ധ്യതകൾ കുറവാണ് |

പേജ് നമ്പർ (1) ൽ പ്രതിപാദിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ സംഘം ശബരിമല വിമാനത്താവള പദ്ധതിയ്ക്കായി പ്രാഥമിക പരിശോധന നടത്തിയ ആറു സ്ഥലങ്ങൾ മുൻഗണനാക്രമത്തിൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നു.

| ക്രമ നമ്പർ | സ്ഥലങ്ങളുടെ പേരു വിവരം |
|---|---|
| 1 | ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ്. |
| 2 | പ്രൊപ്പോസ് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രാവൻകൂർ റബ്ബേഴ്സ് ക്ളിപ്തം, കോട്ടയം |
| 3 | വെള്ളനാടി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രോപ്പിക്കൽ പ്ലാൻറ്റേഷൻ കോട്ടയം. |
| 4 | ളാഹ എസ്റ്റേറ്റ്, റാന്നി, പത്തനംതിട്ട |

| | |
|---|---|
| 5 | കല്ലേലി എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട |
| 6 | കുമ്പഴ എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട |

ഈ ആറ് സ്ഥലങ്ങളുടേയും വിശദമായ പരിശോധനാ റിപ്പോർട്ട് അതാത് കളക്ടർമാർ സമർപ്പിച്ചത് ഈ കുറിപ്പിനോടൊപ്പം അനുബന്ധമായി കൊടുത്തിരിക്കുന്നു.

പി.എച്ച്. കുര്യൻ ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി
(റവന്യൂ വകുപ്പ്)

ഡോ. എം. ബീന ഐ.എ.എസ്
മാനേജിംഗ് ഡയറക്ടർ
കെ.എസ്.ഐ.ഡി.സി

Sd/-
ശ്രീമതി ഗിരിജ. ഐ.എ.എസ്.,
ജില്ലാ കളക്ടർ,പത്തനംതിട്ട

Sd/-
ശ്രീമതി. സി. എ. ലത, ഐ.എ.എസ്.
ജില്ലാ കളക്ടർ, കോട്ടയം

## നോട്ട്

ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷൻ പേരിലുളള വസ്തുക്കളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

| വില്ലേജ് | ബ്ലോക്ക് നം | റീസർവ്വേ നം | വിസ്തീർണ്ണം (ഹെക്ടർ) | റ്റി പി നമ്പർ & പേര് |
|---|---|---|---|---|
| എരുമേലി തെക്ക് | 22 | 281 | 42.58.00 | 1772 മലയാളം പ്ലാന്റേഷൻസ് |
| എരുമേലി തെക്ക് | 22 | 283 | 811.42.00 | 1772 മലയാളം പ്ലാന്റേഷൻസ് |
| എരുമേലി തെക്ക് | 22 | 282 | 1.83.00 | 1773 മലയാളം പ്ലാന്റേഷൻസ്, സർക്കാർ |
| മണിമല | 21 | 299 | 60.43.75 | 1328 മലയാളം പ്ലാന്റേഷൻ ലിമിറ്റഡ്, കൊല്ലം |
| ആകെ 916.26.75 ഹെക്ടർ (2263.18 ഏക്കർ) | | | | |

മേൽ പറഞ്ഞ സർവ്വെ 282ലുളള 1.83.00 ഹെക്ടർ വസ്തു നിലവിൽ എരുമേലി-ചേനപ്പാടി പിഡബ്ള്യുഡി റോഡിൽപ്പെട്ടതും ഉദ്ദേശം 4 കിലോമീറ്റർ ദൂരം വരുന്നതുമാണ്. ബാക്കി വസ്തുക്കൾ (914.43.75 ഹെക്ടർ) ഗോസ്പൽ ഫോർ ഏഷ്യ എന്ന സംഘടനയുടെ കൈവശത്തിലുമാണ്. ടി 914.43.75 ഹെക്ടർ (2258.66 ഏക്കർ) വസ്തു രണ്ടു വില്ലേജുകളിലുൾപ്പെട്ടു കിടക്കുന്നു എങ്കിലും ഒരുമിച്ചു കിടക്കുന്നു. ടി വസ്തുവിൽ ഭൂരിഭാഗവും റബ്ബർ കൃഷി ചെയ്തു വരുന്നു. കൂടാതെ ടി വസ്തുവിൽ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ, മാനേജരുടെ ബംഗ്ളാവ്, ഓഫീസ്, ഹിന്ദു-മുസ്ളീം- ക്രിസ്ത്യൻ എന്നീ വിഭാഗങ്ങളിലായി നാല് ആരാധനാലയങ്ങൾ എന്നിവയും സ്ഥിതി ചെയ്യുന്നു. ടി വസ്തു ഭൂരിഭാഗവും സമതലവും ചെറിയ കുന്നിൻ പ്രദേശവുമാണ്. ടി എസ്റ്റേറ്റ് എരുമേലിയിൽ നിന്നും ഉദ്ദേശം മൂന്ന് കിലോമീറ്റർ തെക്ക്-പടിഞ്ഞാറ് മാറി സ്ഥിതി ചെയ്യുന്നു.

തെക്കേ ഇന്ത്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേക്ക് പോകുന്ന പ്രധാനപ്പെട്ട വഴികളായ കോട്ടയം- എരുമേലി- പമ്പ, തേനി- കുമളി- മുണ്ടക്കയം- എരുമേലി-പമ്പ, തിരുവനന്തപുരം-പത്തനംതിട്ട-റാന്നി-എരുമേലി, തിരുവല്ല-റാന്നി-എരുമേലി, ചങ്ങനാശ്ശേരി-മണിമല-എരുമേലി എന്നീ പിഡബ്ള്യുഡി റോഡുകളുടെയും സമീപത്താണ് ടി എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത്. കൂടാതെ കൊല്ലം-തേനി ദേശീയപാതയുടെയും പുതിയതായി പ്രഖ്യാപിക്കപ്പെട്ട ഭരണിക്കാവ് -പത്തനംതിട്ട-റാന്നി- എരുമേലി-മുണ്ടക്കയം ദേശീയപാതയുടെയും സമീപത്തുമാണ് ടി എസ്റ്റേറ്റ് സ്ഥിതി ചെയ്യുന്നത്. തിരുവനന്തപുരത്തു നിന്ന് എരുമേലിയിലേക്ക് 135 കിലോമീറ്ററും, നെടുമ്പാശ്ശേരി-എരുമേലി 110 കിലോമീറ്ററും, കോട്ടയം-എരുമേലി 56 കിലോമീറ്ററും, പമ്പ- എരുമേലി 45 കിലോമീറ്ററും (കണമല-പമ്പാവാലി വഴി) ദൂരം ഉണ്ട്.


ടി വസ്തു സർക്കാർ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ 25/04/13-ലെ ജി ഒ (എം എസ്) നമ്പർ 161/13/ആർ ഡി ഉത്തരവു പ്രകാരം ശ്രീ. എം ജി രാജമാണിക്യം, ഐ എ എസ് അവർകളെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

ഗോസ്പൽ ഫോർ ഏഷ്യയുടെ കൈവശത്തിലിരിക്കുന്ന ഈ ഭൂമി സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ ഡബ്ള്യു പി (സി) 10640/15 നമ്പരായി ഒരു കേസ് നിലവിലുള്ളതും ഇതിൽ സ്റ്റാറ്റസ് കോ നിലനിർത്തുന്നതിന് ഉത്തരവായിട്ടുളളതാണ്. ടി ചെറുവള്ളി എസ്റ്റേറ്റിന്റെ തെക്ക് വശത്തിന്റെ കുറച്ചു ഭാഗം പൊന്തൻപുഴ വനം എന്നറിയപ്പെടുന്ന വനഭൂമിയുമായി അതിർത്തിയുണ്ട്.

തഹസിൽദാർ.

Ab/10/04/2017.

Location map of Cheruvally Estate



## നോട്ട്

കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽ (എരുമേലി പഞ്ചായത്തിൽ) പ്രാദേശികമായി പ്രൊപ്പോസ് എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രാവൻകൂർ റബ്ബേഴ്സ് ക്ളിപ്തം, കോട്ടയം പേരിൽ താഴെ പറയുന്ന വസ്തുക്കൾ ഉണ്ട്.

| വില്ലേജ് | ബ്ളോക്ക് നം | റീസർവ്വേ നം | വിസ്തീർണ്ണം (ഹെക്ടർ) | റ്റി പി നമ്പർ & പേര് |
|---|---|---|---|---|
| എരുമേലി തെക്ക് | 27 | 67/1 | 290.34.76 | 26, ട്രാവൻകൂർ റബ്ബേഴ്സ് ക്ളിപ്തം, കോട്ടയം |
| എരുമേലി തെക്ക് | 27 | 67/1-52 | 43.45.00 | 2893, എരുമേലി പ്ളാന്റേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് |
| | ആകെ 333.79.76 ഹെക്ടർ (824.48 ഏക്കർ) | | | |

ടി രണ്ട് തണ്ടപ്പേരിലാണ് വസ്തുക്കളെങ്കിലും ഒരുമിച്ച് കിടക്കുന്നതും ടി ട്രാവൻകൂർ റബ്ബേഴ്സിന്റെ കൈവശത്തിലുമാണ്. ടി വസ്തുവിൽ ഭൂരിഭാഗവും റബ്ബർ കൃഷിയാണ്. ടി വസ്തുവിന്റെ തെക്കേ അറ്റത്തായി ഉദ്ദേശം 2.5 ഏക്കർ വസ്തുവിൽ തിരുവമ്പാടി ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം സ്ഥിതി ചെയ്യുന്നു. കൂടാതെ ടി വസ്തുവിൽ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ, മാനേജരുടെ ബംഗ്ളാവ്, ഓഫീസ് എന്നിവയും സ്ഥിതി ചെയ്യുന്നു. ടി വസ്തു ഭൂരിഭാഗവും സമതലവും ബാക്കി ഭാഗം ചെറിയ കുന്നിൻ പ്രദേശവുമാണ്.

ടി വസ്തുവിന്റെ തെക്ക് വശം എരുമേലി- പമ്പ പിഡബ്ള്യുഡി റോഡും (പുതിയതായി പ്രഖ്യാപിക്കപ്പെട്ട ഭരണിക്കാവ് -പത്തനംതിട്ട- റാന്നി- വടശ്ശേരിക്കര- എരുമേലി- മുണ്ടക്കയം ദേശീയപാതയുടെ ഭാഗം) വടക്കു ഭാഗം എരുമേലി- മുണ്ടക്കയം- കുമളി- തേനി റോഡുമാണ്. ടി എരുമേലി- മുണ്ടക്കയം റോഡിൽ പേരുത്തോട് വരെ (3 കിലോമീറ്റർ)യുള്ള ഭാഗം ശബരിമലയിലേക്ക് പോകുന്ന അയ്യപ്പഭക്തരുടെ പരമ്പരാഗത കാനനപാതയുടെ ഭാഗവുമാണ്. ടി എസ്റ്റേറ്റ് എരുമേലി- മുണ്ടക്കയം റോഡിൽ, എരുമേലിയിൽ നിന്നും ഉദ്ദേശം 2.5 കിലോമീറ്റർ കിഴക്കു മാറിയും സ്ഥിതി ചെയ്യുന്നു.

ടി എസ്റ്റേറ്റിന്റെ വടക്കുഭാഗത്തായുള്ള പേരുത്തോടിനോട് ചേർന്ന് 27.14.00 ഹെക്ടർ (67.03 ഏക്കർ) വിസ്തീർണ്ണമുള്ള ടി ബ്ളോക്ക് നമ്പരിൽ സർവ്വെ 161/2-ൽ പ്പെട്ടതും മാവേലിക്കര താലൂക്കിൽ പാലമേൽ വില്ലേജിൽ പുത്തൻപുരയ്ക്കൽ രാഘവൻ മകൻ ആർ പ്രസാദ് പേരിലുള്ള റബ്ബർ എസ്റ്റേറ്റുമുണ്ട്. ടി വസ്തുവിൽ വിമാനതാവളത്തോടനുബന്ധിച്ചുള്ള ഓഫീസ് കോംപ്ളക്സ് നിർമ്മിക്കുന്നതിന് യോജിച്ചതാണ്.

ടി ട്രാവൻകൂർ റബ്ബർ എസ്റ്റേറ്റിന് സമീപത്തായി മേൽപറഞ്ഞ ആർ പ്രസാദ് പേരിലുള്ള എസ്റ്റേറ്റ് കൂടാതെ ചെറുകിട റബ്ബർ എസ്റ്റേറ്റുകൾ വേറെയുമുണ്ട്.

മേൽ പറഞ്ഞ പേരുത്തോടിനോട് ചേർന്ന് എരുമേലി -മുണ്ടക്കയം പിഡബ്ള്യു ഡി റോഡിന്റെ വടക്കുവശം ചേർന്ന് ഉദ്ദേശം രണ്ടേക്കർ വനഭൂമിയുണ്ട്. ടി വസ്തുവിൽ വനംവകുപ്പിന്റെ ഒരു ഗാർഡ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നു. കൂടാതെ ടി ട്രാവൻകൂർ റബ്ബർ എസ്റ്റേറ്റിൽ നിന്നും ഉദ്ദേശം മൂന്ന് കിലോമീറ്റർ കിഴക്കു മാറി കോയിക്കൽകാവ് എന്ന പ്രദേശം മുതൽ വനഭൂമിയുമുണ്ട്.


തെക്കേ ഇന്ത്യയിലെ പ്രമുഖ തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേക്ക് പോകുന്ന പ്രധാനപ്പെട്ട വഴികളായ തേനി- കുമളി- മുണ്ടക്കയം- എരുമേലി-പമ്പ, കോട്ടയം- കാഞ്ഞിരപ്പള്ളി-എരുമേലി-പമ്പ (ടി റോഡുകൾ പുതിയതായി പ്രഖ്യാപിക്കപ്പെട്ട ഭരണിക്കാവ് -പത്തനംതിട്ട- റാന്നി- വടശ്ശേരിക്കര- എരുമേലി- മുണ്ടക്കയം ദേശീയപാതയുടെ എൻ എച്ച് 183 എയുടെ ഭാഗം) എന്നീ റോഡുകളോടു ചേർന്നും തിരുവനന്തപുരം- പത്തനംതിട്ട- റാന്നി- എരുമേലി -മുണ്ടക്കയം, ചങ്ങനാശ്ശേരി- മണിമല- എരുമേലി- മുണ്ടക്കയം, തിരുവല്ല- റാന്നി- എരുമേലി- മുണ്ടക്കയം, എന്നീ പിഡബ്ല്യുഡി റോഡുകളുടെ സമീപത്തും സ്ഥിതി ചെയ്യുന്നു.

തിരുവനന്തപുരത്തു നിന്ന് എരുമേലിയിലേക്ക് . 135 കിലോമീറ്ററും, നെടുമ്പാശ്ശേരി-എരുമേലി 110 കിലോമീറ്ററും, കോട്ടയം-എരുമേലി 56 കിലോമീറ്ററും, പമ്പ- എരുമേലി 45 കിലോമീറ്ററും ദൂരം ഉണ്ട്.

തഹസിൽദാർ.

Ab/10/04/2017.

Location Map



## നോട്ട്

കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി വടക്ക് വില്ലേജിൽ (മുണ്ടക്കയം പഞ്ചായത്ത്) വെള്ളനാടി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ട്രോപ്പിക്കൽ പ്ലാന്റേഷൻ കോട്ടയം പേരിലുള്ള വസ്തുക്കളുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

| വില്ലേജ് | ബ്ളോക്ക് നം | സർവെ നം. | വിസ്തീർണ്ണം (ഹെക്ടർ) | T.P.No: & Name |
|---|---|---|---|---|
| എരുമേലി വടക്ക് | 25 | 57/2 | 41.62.50 | 192 ട്രോപ്പിക്കൽ പ്ലാന്റേഷൻ കോട്ടയം |
| | | 57/3 | 00.75.75 | |
| | | 57/4 | 04.92.75 | |
| | | 57/5 | 00.50.00 | |
| | | 58 | 255 47.00 | |
| | | | ആകെ 303.28 00H (749.10ഏക്കർ) | |

ടി വസ്തുക്കളിൽ 04.92.75 ഹെക്ടർ വസ്തു (Sy.57/4) ഒഴികെ ബാക്കിയുള്ള 298.35.25 ഹെക്ടർ വസ്തുക്കൾ ഒരുമിച്ച് കിടക്കുന്നു. ടി 04.92:75 ഹെക്ടർ വസ്തു മുണ്ടക്കയം-എരുമേലി സ്റ്റേറ്റ് ഹൈവേയുടെ (പുതിയതായി പ്രഖ്യാപിക്കപ്പെട്ട ഭരണിക്കാവ്-പത്തനംതിട്ട-റാന്നി -എരുമേലി-മുണ്ടക്കയം ദേശീയ പാതയുടെ ഭാഗം) കിഴക്ക് വശത്തായി ടി റോഡിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. ടി വസ്തുവിന്റെ വടക്ക് ഭാഗം മണിമലയാറാണ്. ടി ആറിന്റെ സമീപത്തായി ടി എസ്റ്റേറ്റിൽ ഒരു ദേവീ ക്ഷേത്രവും ഉണ്ട്. കൂടാതെ ടി വസ്തുവിൽ തൊഴിലാളികൾ താമസിക്കുന്ന ലയങ്ങൾ, മാനേജരുടെ ബംഗ്ളാവ്, ആഫീസ് എന്നിവയും സ്ഥിതി ചെയ്യുന്നു. ടി വസ്തു ഭൂരി ഭാഗവും ചെറിയ കുന്നിൻ പ്രദേശവും ബാക്കി ഭാഗം സമതല പ്രദേശവുമാണ്. ടി വസ്തു എരുമേലിയിൽ നിന്നും ഉദ്ദേശം അഞ്ച് (5) കി.മീ. വടക്ക് മാറിയും സ്ഥിതി ചെയ്യുന്നു.

ടി വസ്തുവിന് സമീപത്തായി ഹാരിസൺ മലയാളം പ്ലാന്റേഷൻ വക 246.80.00 ഹെക്ടർ റബ്ബർ എസ്റ്റേറ്റുമുണ്ട്. ടി ട്രോപ്പിക്കൽ പ്ലാന്റേഷൻ വക എസ്റ്റേറ്റിനോട് ചേർന്ന് ടി എസ്റ്റേറ്റിന്റെ കിഴക്ക് ഭാഗം ഉദ്ദേശം 150മീറ്റർ വന ഭൂമിയുമായി അതിർത്തിയുള്ളതാണ്

ദേശീയ പാതയായ കൊല്ലം-തേനി റോഡിൽ മുണ്ടക്കയം എന്ന സ്ഥലത്തു നിന്നും ഉദ്ദേശം 5 കി. മീറ്റർ തെക്ക് മാറിയും ടി ദേശീയ പാതയിൽ നിന്നും കാഞ്ഞിരപ്പള്ളി- എരുമേലി PWD റോഡിൽ കൊരട്ടി എന്ന സ്ഥലത്തു നിന്നും ഉദ്ദേശം 25 കി.മീറ്റർ വടക്ക് - കിഴക്ക് മാറിയും ടി റബ്ബർ എസ്റ്റേറ്റ് സ്ഥി ചെയ്യുന്നു.

തിരുവനന്തപുരം - പത്തനംതിട്ട-എരുമേലി 135 കി.മീറ്ററും നെടുമ്പാശ്ശേരി - എരുമേലി 110 കി.മീറ്ററും കോട്ടയം - എരുമേലി 56 കി.മീറ്ററും എരുമേലി - പമ്പ 45 കി.മീറ്ററും ദൂരം ഉണ്ട്.

TAHSILDAR
KANJIRAPALLY

C5-103114/2016

കളക്ടറേറ്റ്, പത്തനംതിട്ട,
തീയതി: 21/04/2017

## നോട്ട്

ശബരിമല തീർത്ഥാടകർക്ക് കൂടി ഉപകാരപ്രദമാകുന്ന വിമാനത്താവളം നിർമ്മിക്കുന്നതിനായി പത്തനംതിട്ട ജില്ലയിൽ താഴെ പറയുന്ന 3 സ്ഥലങ്ങൾ 07.04.2017-ൽ സന്ദർശിച്ചിരുന്നു.

1. കല്ലേലി എസ്റ്റേറ്റ്
2. കമ്പഴ എസ്റ്റേറ്റ്
3. ളാഹ എസ്റ്റേറ്റ്

### 1. കല്ലേലി എസ്റ്റേറ്റ്

| പേര് : കല്ലേലി എസ്റ്റേറ്റ് | | |
|---|---|---|
| വില്ലേജ് : അരുവാപ്പലം | | താലൂക്ക് : കോന്നി |
| സർവ്വെ നമ്പർ | ഭൂമിയുടെ വിസ്തീർണ്ണം (ഹെ.ആർ. ച.മീറ്റർ) | റ്റി.പി. നമ്പർ & പേര് |
| 544/1-2 546/7, 3-2 419/1എ, 1സി, 1ബി,1ബി2, 1ബി3 541/1-1 542/1-1 547/1-2, 1-3, 1-4, 1-5, 1-6, 1-7, 1-8, 1-9, 1-10, 1-11, 1-12 | 727.90.37 | 399 മലയാളം പ്ലാന്റേഷൻ |
| 545/1 | 336.64.77 | ഇടമനമഠത്തിൽ, കിട്ട്യാരു കിട്ട്യാരു പണ്ടാരത്തിൽ |
| ആകെ | 1064.55.14 | |

പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ അരുവാപ്പലം വില്ലേജിൽ ഉൾപ്പെട്ടുവരുന്ന 1064.5514 ഹെക്ടർ സ്ഥലം നിലവിൽ ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ കൈവശത്തിലാണ്. പ്രസ്തുത സ്ഥലത്ത് നിന്നും 83 കിലോമീറ്റർ ദൂരമാണ് ശബരിമലയിലേക്കുള്ളത്. പുനലൂർ - മൂവാറ്റുപുഴ സ്റ്റേറ്റ് ഹൈവേയിൽ കോന്നി ജംഗ്ഷന് സമീപം എലിയറയ്ക്കൽ എന്ന സ്ഥലത്തു നിന്നും 5 കി.മീറ്റർ കിഴക്കോട്ട് പോകുന്നിടത്താണ് നിശ്ചിത കല്ലേലി തോട്ടം സ്ഥിതി ചെയ്യുന്നത്. കല്ലേലി എസ്റ്റേറ്റിലേക്ക് പോകുന്നതിന് വനംവകുപ്പിന്റെ ചെക്ക് പോസ്റ്റ് മറി കടക്കേണ്ടതും ഏകദേശം 3 കി. മീറ്റർ റോഡ് വനഭൂമിയിൽ കൂടി കടന്നു

പോകുന്നതും വനഭൂമിയോട് ചേർന്ന് കിടക്കുന്നതുമാണ്. ടി വസ്തുവിൽ ഭൂരിഭാഗവും റബ്ബർ കൃഷി ചെയ്തു വരുന്നതും തട്ടുതട്ടായി കിടക്കുന്നതും തൊഴിലാളികൾ താമസിക്കുന്ന ലയങ്ങളും ഹിന്ദു- ക്രിസ്ത്യൻ- മുസ്ലീം ആരാധനാലയങ്ങൾ സ്ഥിതി ചെയ്യുന്നതുമാണ്. ഭൂമിയിൽ ഭൂരിഭാഗവും കുന്നിൻ പ്രദേശവും ഏറ്റവും ഉയർന്ന സ്ഥലങ്ങൾ സമതല പ്രദേശവുമാണ്. കല്ലേലി എസ്റ്റേറ്റിൽ നിന്നും 40 കി.മീറ്റർ കിഴക്ക് ഭാഗത്ത് പ്രശസ്തമായ അച്ചൻകോവിൽ ക്ഷേത്രം സ്ഥിതി ചെയ്യുന്നതും ടി ക്ഷേത്രം തമിഴ്നാട് അതിർത്തിയിൽ ചെങ്കോട്ടയ്ക്ക് സമീപവുമാണ്. കോന്നിയിൽ നിന്നും തിരുവനന്തപുരത്തിന് 80 കി. മീറ്റർ ദൂരവും കല്ലേലി ശബരിമല ദൂരം 83 കി. മീറ്ററുമാണ്.

ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശമുള്ള സ്ഥലം കേരള സർക്കാർ വക സ്ഥലമായതിനാൽ ആയത് ഏറ്റെടുക്കുന്നത് സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ വ്യവഹാരം നടന്നുവരുന്നതും ടി ഭൂമി ഏറ്റെടുക്കുന്നതിന് ശ്രീ. എം. ജി. രാജമാണിക്യം, ഐ.എ.എസിനെ ജി.ഒ. (എം.എസ്.) നമ്പർ 161/13/റവ. ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

2 <u>കമ്പഴ എസ്റ്റേറ്റ്</u>

പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ മലയാലപ്പുഴ വില്ലേജിൽ സ്ഥിതി ചെയ്യുന്നു. ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പേര് : കമ്പഴ എസ്റ്റേറ്റ് | | |
| വില്ലേജ്: മലയാലപ്പുഴ | | താലൂക്ക്: കോന്നി |
| റീസർവ്വെ ബ്ലോക്ക് നം. 19 | വിസ്തീർണ്ണം (Hr) | തണ്ടപ്പേർ |
| 23/3 | 632.94.00 | 146 മലയാളം പ്ലാന്റേഷൻ |
| 21 | 27.80.00 | 142 മലയാളം പ്ലാന്റേഷൻ |
| 22/2 | 379.88.00 | 144 മലയാളം പ്ലാന്റേഷൻ |
| **ആകെ** | **1040.52.00** | |

ടി ഭൂമിയും ഹാരിസൺസ് മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് കമ്പനി പേരിലുള്ള 1040.52 ഹെക്ടർ ഭൂമിയിൽ ഉൾപ്പെട്ടതാണ്. കമ്പഴ എസ്റ്റേറ്റിൽ നിന്നും ശബരിമലയിലേക്ക് 65 കി. മീറ്റർ ദൂരം ഉള്ളതുമാണ്.

ടി സ്ഥലത്ത് റബ്ബർ പ്ലാന്റേഷൻ ഉള്ളതും ഭൂരിഭാഗവും കുന്നിൻ പ്രദേശവും തട്ടുതട്ടുകളായി സ്ഥിതി ചെയ്യുന്നതും വിവാദമായ ചെങ്ങറത്തോട്ടം ഉൾപ്പെടുന്നതുമാണ്.

3. **ളാഹ എസ്റ്റേറ്റ്**

പത്തനംതിട്ട ജില്ലയിൽ റാന്നി താലൂക്കിൽ റാന്നി .പെരുനാട് വില്ലേജിൽ ഉൾപ്പെട്ടു വരുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു. സ്വകാര്യ വ്യക്തികളിൽ നിന്നും 99 വർഷം പാട്ടത്തിനെടുത്ത ഭൂമി ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശം വച്ചു വരുന്നു.

| പേര് : ളാഹ എസ്റ്റേറ്റ് | | | |
|---|---|---|---|
| വില്ലേജ് : റാന്നി - പെരുനാട് | | | താലൂക്ക് : റാന്നി |
| ക്രമ നം. | സർവ്വെ നമ്പർ | ഭൂമിയുടെ വിസ്തീർണ്ണം (ഹെ.ആർ. ചമീറ്റർ) | റ്റി.പി. നമ്പർ & പേര് |
| 1 | 858, 858/ഡി2, 860, 861,889, 888, 883, 906, 852, 739, 907, 847, 848, 882 | 54.12.15 | 33 പെരുനാട് കോയിക്കമണ്ണിൽ ശാസ്താവുപിളള |
| 2 | 889, 904, 905 | 6.84.13 | 94 പ്ലാമൂട്ടിൽപെരുമാൾ ഇടിക്കാളി |
| 3 | 854, 908, 885 | 6.07.04 | 98 താഴത്തയ്യത്ത് മാത്യു തോമസ് |
| 4 | 885, 854, 889, 904 | 60.08.23 | 99 താഴത്തയ്യത്ത് മാത്യു മാത്യു |
| 5 | 904, 854, 885, 851 | 06.01.06 | 100 മാത്യു എബ്രഹാം |
| 6 | 855, 908, 854, 851 | 10.16.37 | 101 തോമസ് ജോർജ്ജ് |
| 7 | 847, 848, 827 | 9.12.55 | 126 താഴത്തേടത്ത് കൊച്ചുകുഞ്ഞ് നായർ |
| 8 | 827, 849, 840, 911 | 89.05.86 | 133 കയ്യാലയ്ക്കകത്ത് താമരപ്പള്ളിൽ കരുവിള |
| 9 | 827, 841, 842, 847, 849 | 89.22.06 | 134 കയ്യാലയ്ക്കകത്ത് താമരപ്പള്ളിൽ കരുവിള |
| 10 | 826 | 03.88.76 | 149 നാരായണൻനായർ |
| 11 | 853 | 08.04.92 | 150 ഈട്ടിമലവേലിൽ മത്തായി |
| 12 | 887, 884, 886 | 48.24.36 | 184 ഹാരിസൺ |
| 13 | 865, 901, 889, 837, 811, 827, 902, 838 | 124.39.61 | 195 ഹാരിസൺ |

| | | | |
|---|---|---|---|
| 14 | 901, 902, 908 | 39.15.93 | 292 ലക്ഷ്മിയമ്മ |
| 15 | 902 | 04.04.68 | 293 ലക്ഷ്മിയമ്മ |
| 16 | 839, 840, 913 | 12.12.43 | 297 ലക്ഷ്മിയമ്മ |
| 17 | 827, 828, 836, 850 | 89.17.83 | 302 താമരപ്പള്ളിൽ |
| 18 | 827, 849, 836 | 88.92.68 | 303 താമരപ്പള്ളിൽ |
| 19 | 827, 828, 850, 912, 839, 913, 848 | 89.22.26 | 304 താമരപ്പള്ളിൽ |
| 20 | 827 | 69.17.39 | 317 താമരപ്പള്ളിൽ |
| 21 | 849, 842 | 19.74.45 | 318 താമരപ്പള്ളിൽ |
| 22 | 889, 904, 905 | 06.84.11 | 439 ചാക്കോ ചാക്കോ |
| ആകെ | | 998.80.42 | |

ടി 998.8042 ഹെക്ടർ സ്ഥലവും ഹാരിസൺസ് പ്ലാന്റേഷൻ ലിമിറ്റഡ് കൈവശമുള്ളതാണ്. ശബരിമലയിലേക്ക് 38 കി. മീറ്റർ ദൂരമാണുള്ളത്. താരതമ്യേന ചെറിയ മലനിരകളാൽ ചുറ്റപ്പെട്ട നിരപ്പായ സ്ഥലവും വിമാനത്താവള നിർമ്മാണത്തിന് ജില്ലയിൽ കണ്ടെത്തിയതിൽ ഏറെ അനുയോജ്യമായ സ്ഥലവുമാണ്.

ടി സ്ഥലം പത്തനംതിട്ട – പമ്പ റോഡിന്റെ ഇരുവശങ്ങളിലുമായി ളാഹയിൽ സ്ഥിതി ചെയ്യുന്നതും വനഭൂമിയുമായി അതിർത്തി പങ്ക് വയ്ക്കുന്നതുമാണ്. പത്തനംതിട്ടയിൽ നിന്നും ളാഹയ്ക്ക് 27 കി. മീറ്റർ ദൂരവും ളാഹ – പമ്പ ദൂരം 38 കി. മീറ്ററുമാണ്.

(ഒപ്പ്)

ജില്ലാ കളക്ടർ (ഇൻ ചാർജ്ജ്)

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്